പാസ്സാക്കുകയും വേണം. ഇതിനോട് ബന്ധപ്പെട്ട് അടിയന്തിര ചർച്ച നടത്താൻ മുഖ്യമന്ത്രി തയ്യാറാകുകയും വേണമെന്നാണ് എനിക്ക് ഇതു സംബന്ധിച്ച് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഗവൺമെന്റ് വളരെ കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒന്നാണ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ. ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആറ് ഗവേഷണ സ്ഥാപനങ്ങളും കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതും നമ്മൾ പ്രത്യേക പരിഗണന കൊടുക്കുന്നതുമാണ്. ഇതിനെ നമ്മൾ ഗവൺമെൻറിന്റെ ഒരു ഡിപ്പാർട്ടുമെന്റ് ആക്കിക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ സ്വയംഭരണാവകാശം നിലനിർത്തുകയാണ്. അതിന്റെ സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ട് അവർക്ക് പെൻഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. അതായത്, ശ്രീചിത്ര മെഡിക്കൽ സെന്റർ, ആർ.ആർ.എൽ., സി. എസ്. ഐ. ആർ. സ്ഥാപനങ്ങൾ. ഐ. ഐ. ടി. കൾ ഇതുപോലെയുള്ള മറ്റ് ഗവേഷണ സ്ഥാപനങ്ങളിലുള്ള പെൻഷൻ സ്ക്കീമുകൾ പോലുള്ള ഒരു സ്കീം ഈ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ടുതന്നെ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അവരുമായി ചർച്ച ചെയ്യാനും ഗവൺമെൻറ് തയ്യാറാണ്.

മി. സ്പീക്കർ : അന്താരാഷ്ട്ര പ്രശസ്തിയുള്ള ശാസ്ത്രജ്ഞന്മാർക്കു പോലും വർഷങ്ങൾ പ്രവർത്തിച്ചിട്ട് പുറത്തു പോകുമ്പോൾ ഒന്നും കിട്ടാത്ത സ്ഥിതി വരുന്നത് കഷ്ടമാണ്. അതുകൊണ്ട് അവരെ ഒന്നു വിളിച്ചുചേർത്ത് ഒരു പരിഹാരം കാണണം.

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായി ഉൾക്കൊള്ളുന്നു. അവരെ വിളിച്ച് ചർച്ച ചെയ്യാം. ഗവൺമെന്റ് ഇത് ഗൗരവമായിട്ടുതന്നെ ആലോചിക്കും.

(6) റേഷൻ ഡീലർമാരുടെ പ്രശ്നങ്ങൾ

പ്രൊഫ. കെ. വി. തോമസ്: സർ, ഇൻഡ്യയിൽ തന്നെ ഏറ്റവും ഫലപ്രദമായ രീതിയിൽ റേഷൻ വിതരണം നടക്കുന്നത് കേരളത്തിലാണ്. കേരളത്തിലെ റേഷൻ ഡീലർമാർക്ക് വളരെയധികം പ്രശ്നങ്ങളുണ്ട്. അന്നപൂർണ്ണ, അന്ത്യോദയ തുടങ്ങിയ സ്കീമുകളിലും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സ്കീമുകളിലും കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് സുനാമി

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള ദുരന്തവുമായി ബന്ധപ്പെട്ട് സൗജന്യ റേഷൻ നൽകിയ ഇനത്തിൽ വലിയൊരു തുക കിട്ടാനുണ്ട്. ഉദ്യോഗസ്ഥന്മാരുടെ പരിധിവിട്ടുള്ള പരിശോധനകളും ഒരുപാട് പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. പുതിയതായി ഗവൺമെന്റ് തുടങ്ങുന്ന ശബരി പരിപാടി വളരെയധികം സൗകര്യമായതാണ്. അത് കുറെക്കൂടി ഫലപ്രദമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ, 2005 ഫെബ്രുവരി മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 14,142 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ഇതിലെല്ലാം കൂടി 65,95,477 റേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് റേഷൻ ഡീലർമാരുടെ വിവിധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അവർ നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 17-3-2005-ന് ബഹുമാനപ്പെട്ട പ്രൊഫ. കെ. വി. തോമസിന്റെയും ശ്രീ. ജോണി നെല്ലൂരിന്റെയും സാന്നിദ്ധ്യത്തിൽ സംഘടനാ ഭാരവാഹികളുമായി ഞാൻ ചർച്ച നടത്തിയിരുന്നു. അവർ പ്രധാനമായും 12 ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന മിക്കവാറും എല്ലാ ആവശ്യങ്ങളും ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്. റേഷൻ ഡീലേഴ്സിന്റെ പ്രധാനപ്പെട്ട ആവശ്യം വില വ്യത്യാസയിനത്തിൽ 1999 മുതൽ നൽകാനുള്ള കുടിശ്ശിക ലഭിക്കണമെന്നുള്ളതായിരുന്നു. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ 39.86 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അന്ത്യോദയ, അന്നപൂർണ്ണ, അന്നയോജന പദ്ധതികളിൽ ലഭിക്കാനുള്ള കമ്മീഷൻ നൽകണമെന്നതായിരുന്നു അവരുടെ രണ്ടാമത്തെ ആവശ്യം. 2005 ഫെബ്രുവരിവരെയുള്ള കുടിശ്ശിക മുഴുവൻ കൊടുക്കാൻ നടപടി ആയിട്ടുണ്ട്. അന്ത്യോദയ, അന്നയോജന പദ്ധതികൾ പ്രകാരം അരി വിതരണം നടത്തിയ ഇനത്തിൽ മൊത്തവ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും 676 ലക്ഷം രൂപയും അന്നപൂർണ്ണ പദ്ധതിയിനത്തിൽ 18.46 ലക്ഷം രൂപയും അനുവദിച്ചു കൊടുത്തിട്ടുണ്ട്. വളരെ അനുഭാവപൂർവ്വമായ ചർച്ചയും പരിഗണനയുമാണ് ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നും ലഭ്യമായത്. അതുകൊണ്ട് ഇക്കാര്യങ്ങൾ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയുന്നുണ്ട്.

(7) കൂരാച്ചുണ്ട് പഞ്ചായത്തിലെ കൈവശ കൃഷിക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നിരവധി വർഷങ്ങളായി കൈവശം വച്ച് വരുന്നതും നികുതി അടച്ചുവരുന്നതുമായ കൂരാച്ചുണ്ട് പഞ്ചായത്തിലെ 191 കർഷക കുടുംബങ്ങളിൽ നിന്നും 2003-നുശേഷം നികുതി ഈടാക്കി വരുന്നില്ല. വനംവകുപ്പിന്റെ നിർദ്ദേശം അനുസരിച്ചാണ് നികുതി ഈടാക്കാത്തത്. ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly